"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കെട്ടിടങ്ങളിലും മറ്റ് പ്രോപ്പർട്ടികളിലും അനധികൃതമായി കൈയ്യേറുന്നവരെ ഒഴിപ്പിക്കുന്നതിനായി എസ്റ്റേറ്റ് ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.228/2026/CLAD തീയതി, തിരുവനന്തപുരം, 11-03-2026

---

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 14.01.2026 തീയതിയിലെ 124/T1/06/KSFDC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ, ഭൂമി, വാണിജ്യ സമുച്ചയങ്ങൾ എന്നിവയിൽ ചിലർ അനധികൃതമായി കൈവശപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ, ഇത്തരക്കാരെ ഒഴിപ്പിക്കാൻ സിവിൽ കോടതി മുഖേനയുള്ള ദീർഘകാല നടപടികൾ സ്വീകരിക്കേണ്ടി വരുന്നത് വലിയ കാലതാമസത്തിനും പൊതുവരുമാന നഷ്ടത്തിനും കാരണമാകുന്നു.

2. 1968-ലെ കേരള പബ്ലിക് ബിൽഡിംഗ്സ് (അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കൽ) നിയമത്തിലെ സെക്ഷൻ 3 പ്രകാരം ഒരു എസ്റ്റേറ്റ് ഓഫീസറെ നിയമിച്ചാൽ ഈ നടപടികൾ വേഗത്തിലാക്കാൻ സാധിക്കുമെന്നതിനാൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ കമ്പനി സെക്രട്ടറി കം ഫിനാൻസ് മാനേജറെ എസ്റ്റേറ്റ് ഓഫീസറായി നിയമിക്കണമെന്നും ടി തസ്തിക വ്യവസായ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിന് താഴെയല്ലാത്തതിനാൽ എസ്റ്റേറ്റ് ഓഫീസർ തസ്തികയിലേക്ക് യോഗ്യതയുണ്ടെന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1968-ലെ കേരള പബ്ലിക് ബിൽഡിംഗ്സ് (അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കൽ) നിയമത്തിലെ സെക്ഷൻ 3 പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ, ഭൂമി, വാണിജ്യ സമുച്ചയങ്ങൾ എന്നിവയിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ കമ്പനി സെക്രട്ടറി കം ഫിനാൻസ് മാനേജർ - നെ പ്രസ്തുത സ്ഥാപനത്തിലെ എസ്റ്റേറ്റ് ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം

കമ്പനി സെക്രട്ടറി കം ഫിനാൻസ് മാനേജർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ,

തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് (PLGEA-BPE2/10/2026-PLGEA Dated 02.02.2026)
കരുതൽ ഫയൽ (A3/9/2026-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 11-03-2026 15:37:53

സെക്ഷൻ ഓഫീസർ